മലപ്പുറം മണ്ഡലത്തിലെ വൈദ്യുതി വകപ്പിന്റെ പ്രവർത്തനം

38(2076) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കിയ വൈദ്യുതി വകുപ്പിന്റെ പ്രധാനപ്പെട്ട വികസന പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ;

(ബി) വോൾട്ടേജ് ഇംപ്രൂവ്മെന്റ്, ത്രീഫേസ് ലൈൻ വലിക്കൽ, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നിവയ്ക്കായി നീക്കിവച്ച തുകയും, സ്ഥാപിച്ച ട്രാൻസ്ഫോർമറുകളുടെ എണ്ണവും വിശദമാക്കാമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികളുടെ ഭാഗമായി 27.536 കി.മീ. 11 കെ.വി. ലൈൻ, 4.242 കി.മീ. ത്രീ ഫേസ് ലൈൻ വലിക്കൽ 61 ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നീ പ്രവർത്തികൾക്കായി ഏകദേശം 651.14 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

വൈദ്യുതി മീറ്ററുകളുടെ ഉപയോഗം

39(2077) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം, നാളിതുവരെ എത്ര വൈദ്യുതി മീറ്ററുകൾ വാങ്ങി ; ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നും ; അവയിൽ ഇലക്ട്രോണിക് മീറ്ററുകൾ എത്ര; മെക്കാനിക്കൽ മീറ്ററുകൾ എത്ര; ഇവയുടെ ഇനം തിരിച്ച മീറ്റർ വില എത്ര ;

(ബി) ഇതിൽ എത്ര മീറ്റർ ഉപയോഗിച്ചു; ഇനി എത്ര മീറ്റർ ഉപയോഗിക്കുവാനുണ്ട്; മീറ്ററുകൾ വാങ്ങുവാനായി നാളിതുവരെ എത്ര രൂപ ചെലവായി ; എത്ര തുക കുടിശ്ശിക നൽകാനുണ്ട് ; ആർക്കെല്ലാം ;വിശദാശം വ്യക്തമാക്കുമോ ;

(സി) നിലവിൽ ഗാർഹിക/മറ്റുമേഖലകളിൽ എത്ര കണക്ഷനുകൾ വീതമുണ്ട് ; അവയിൽ ഓരോ വിഭാഗത്തിലും മെക്കാനിക്കൽ/ഇലക്ട്രോണിക് മീറ്ററുകൾ എത്ര എന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1322/2017.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കൾ ഉപയോഗിക്കുന്ന മെക്കാനിക്കൽ/ഇലക്ട്രോണിക് വൈദ്യുതി മീറ്ററുകളിൽ നിലവിൽ കേടായ മീറ്ററുകൾ എത്രയെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ ;

(ഇ) കേടായ മുഴുവൻ മീറ്ററുകളും മാറ്റി സ്ഥാപിക്കുന്നതിന് ബോർഡിന് എത്ര രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(എഫ്) നിലമ്പൂർ ഡിവിഷനിൽ ഇത്തരത്തിൽ എത്ര മീറ്ററുകളാണ് നിലവിൽ കേടായി കിടക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു*.

(ബി) നാളിതുവരെ വാങ്ങിയ മീറ്ററുകളിൽ 11-2-2016-ലെ സ്റ്റോക്ക് പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ വിവിധ റ്റി.എം.ആർ. സ്റ്റോറുകളിൽ താഴെപ്പറയുന്ന മീറ്ററുകൾ ലഭ്യമാണ്:

സിംഗിൾ ഫേസ് മീറ്റർ	ത്രീഫേസ് മീറ്റർ	എൽ.റ്റി.സി.റ്റി. മീറ്റർ
119839	23319	28

മീറ്ററുകൾ വാങ്ങുവാനായി ചെലവായ തുക താഴെ ചേർക്കുന്നു:

2011-12	41.9 കോടി
2012-13	56.77 കോടി
2013-14	100.35 കോടി
2014-15	75.72 കോടി
2015-16	63.46 കോടി
ആകെ	338.2 കോടി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ലാർസർ & ടൂബ്രോയ്ക്ക് 24-7-2015-ൽ നൽകിയ 56000 മീറ്ററുകളുടെ (ത്രീഫേസ്) പർച്ചേസ് ഓർഡർ പ്രകാരം 9.58 കോടി രൂപയും 11-11-2015-ൽ നൽകിയ 14000 ത്രീഫേസ് മീറ്ററുകളുടെ പർച്ചേസ് ഓർഡർ പ്രകാരം 2.4 കോടി രൂപയും കുടിശ്ശിക നൽകാനുണ്ട്.

(സി)

എനർജി മീറ്റർ	ഗാർഹികം	മറ്റ് മേഖല
ആകെ കണക്ഷനുകൾ	9121880	2514856
മെക്കാനിക്കൽ മീറ്റർ	1305485	335040
ഇലക്ട്രോണിക് മീറ്റർ	7816395	2179816

(ഡി)

മെക്കാനിക്കൽ	215734 എണ്ണം
ഇലക്ട്രോണിക്	473617 എണ്ണം

(ഇ) നിലവിലുള്ള കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിനു ജനുവരി 2016-ലെ കണക്കുകൾ പ്രകാരം ഉദ്ദേശം 70 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കുന്നു.

(എഫ്) 4085.

വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കൊറിയൻ കമ്പനിയുമായി ധാരണ

40(2078) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊറിയൻ കമ്പനിയായ ടാൻജോംഗുമായുണ്ടാക്കിയ ധാരണ പ്രകാരം നിലവിൽ പ്രതിവർഷം എത്ര മെഗാവാട്ട് വൈദ്യുതി ലഭ്യമാകുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിച്ച് നൽകാനാണ് ടാൻജോംഗുമായി ധാരണയുണ്ടാക്കിയതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ടാൻജോംഗ് എന്ന കമ്പനിയുമായി ധാരണാപത്രം ഒപ്പുവച്ചിട്ടില്ല.

GPM. 2/243/2020-16

LIBRARY ARCHIVES Kerala Legislative Assembly